ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE: 30.10.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്രമോദി രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് ഗുജറാത്തിൽ.
   ഏകതാ നഗറിൽ 280 കോടി രൂപയുടെ വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും അദ്ദേഹം നിർവഹിക്കും.
   Prime Minister Narendra Modi will arrive in Gujarat today for a two-day visit. He will inaugurate and lay foundation stones of various development projects worth Rs 280 crore in Ekta Nagar.
2. സാങ്കേതിക സഹകരണം ലക്ഷ്യമിട്ട് ഇന്ത്യൻ റെയിൽവേ സ്വിറ്റ്സർലൻഡുമായി ധാരണാ പത്രം ഒപ്പു വച്ചു. റെയിൽവേയുടെ ആധുനിക വത്കരണത്തിന് സർക്കാർ പ്രതിജ്ഞാബദ്ധമെന്ന് മന്ത്രി അശ്വനി വൈഷ്ണവ്.

   Indian Railways has signed an MoU with Switzerland for technical cooperation. Minister Ashwani Vaishnav said that the government is committed to the modernization of railways.

3. ഒത്തൊരുമയുള്ളതും പുരോഗമനപരവുമായ സമൂഹത്തെ പരിപോഷിപ്പിക്കാൻ ദേശീയ ഐക്യം പ്രധാനമാണെന്ന് കേന്ദ്രമന്ത്രി ജെപി നഡ്ഡ.
   Union Minister JP Nadda said national unity is important to nurture a cohesive and progressive society.

4. മഹാരാഷ്ട്ര നിയമസഭ തെരഞ്ഞെടുപ്പിനും ജാർഖണ്ഡിൽ രണ്ടാംഘട്ട തെരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന ഇന്ന്.

Scrutiny of nomination papers for Maharashtra assembly elections and second phase elections in Jharkhand today.

5. കേരളത്തിൽ ഉപതിരഞ്ഞെടുപ്പ് നടക്കുന്ന മണ്ഡലങ്ങളിലേയ്ക്ക് നാമനിർദേശ പത്രിക പിൻവലിക്കാനുള്ള സമയപരിധി ഇന്ന് അവസാനിക്കും.

The deadline for withdrawing nomination papers for constituencies in Kerala where by-elections is being held will end today.

6. കാസർകോട് നീലേശ്വരത്തുണ്ടായ വെടിക്കെട്ട് അപകടത്തിൽ പരിക്കേറ്റവരുടെ ചികിത്സാ ചെലവ് കേരള സർക്കാർ വഹിക്കും. തീരുമാനം മന്ത്രിസഭാ യോഗത്തിൽ.

The Kerala government will bear the medical expenses of those injured in the fire incident at Kasaragod Nileswaram. The decision is taken in the cabinet meeting.

******************************

## PM-GUJARAT

രണ്ട് ദിവസത്തെ സന്ദർശനത്തിനായി പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഗുജറാത്തിലെത്തും. കെവാഡിയയിലെ ഏകതാ നഗറിൽ 280 കോടി രൂപയുടെ വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും അദ്ദേഹം നിർവഹിക്കും. 99-ാമത് കോമൺ ഫൗണ്ടേഷൻ കോഴ്സ് - ആരംഭ് 6.0, യിലെ ഓഫീസർ ട്രെയിനികളെയും പ്രധാനമന്ത്രി അഭിസംബോധന ചെയ്യും. നാളെ ഏകതാ പ്രതിമയിൽ പുഷ്പാർച്ചന നടത്തുന്ന പ്രധാനമന്ത്രി രാഷ്ട്രീയ ഏകതാ ദിവസ് ആഘോഷങ്ങളിലും പങ്കെടുക്കും.ഏകത പ്രതിജ്ഞ ചൊല്ലിക്കൊടുക്കുന്ന പ്രധാനമന്ത്രി ഏകതാ പരേഡും വീക്ഷിക്കും.

******************************

## RAILWAYS MOU (intro)

സാങ്കേതിക സഹകരണം ലക്ഷ്യമിട്ട് ഇന്ത്യൻ റെയിൽവേ സ്വിട്സർലൻഡുമായി ധാരണാ പത്രം ഒപ്പു വച്ചു. സാങ്കേതിക വിദ്യ പങ്കിടൽ, റെയിൽപാളം അറ്റകുറ്റപ്പണി, നിർമ്മാണം, മേൽനോട്ടം തുടങ്ങിയ മേഖലകളിൽ സഹകരണത്തിന് ധാരണാപത്രം ഒപ്പു

വച്ചതിലൂടെ കഴിയുമെന്ന് റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് ചടങ്ങിൽ പറഞ്ഞു.

**(ഹോൾഡ് വോയ്സ്)**

റെയിൽവേയുടെ ആധുനിക വത്കരണത്തിന് സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് മന്ത്രി വ്യക്തമാക്കി. സ്വിറ്റ്സർലാൻഡ് പരിസ്ഥിതി, ഗതാഗത, കമ്മ്യൂണിക്കേഷൻ വിഭാഗവുമായാണ് ധാരണാപത്രം ഒപ്പുവച്ചത്.

******************************

## MAHA ELECTION

മഹാരാഷ്ട്ര നിയമസഭ തെരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന ഇന്ന്. നാമ നിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള സമയപരിധി ഇന്നലെ അവസാനിച്ചു. 288 മണ്ഡലങ്ങളിലേക്ക് ഏഴായിരത്തി 995 സ്ഥാനാർത്ഥികളാണ് പത്രിക സമർപ്പിച്ചിട്ടുള്ളത്. നന്ദേദ് ലോക്സഭാ മണ്ഡലത്തിലെ ഉപതെരഞ്ഞെടുപ്പിൽ 56 പേരാണ് പത്രിക സമർപ്പിച്ചിട്ടുള്ളത്. വസന്ത് ചവാൻറെ മരണത്തെ
തുടർന്നാണ് ഇവിടെ ഉപതെരഞ്ഞെടുപ്പ് നടക്കുന്നത്. നവംബർ 20 നാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ 23 നും.

******************************

## JHARKHAND ELECTION

ജാർഖണ്ഡിൽ രണ്ടാംഘട്ട നിയമസഭാ തെരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന ഇന്ന് നടക്കും. 634 സ്ഥാനാർത്ഥികളാണ് പത്രിക സമർപ്പിച്ചിട്ടുള്ളത്. രണ്ടാംഘട്ടത്തിൽ 38 മണ്ഡലങ്ങളിലാണ് മത്സരം നടക്കുന്നത്. നവംബർ 20 നാണ് വോട്ടെടുപ്പ്. നാളെ വരെ നാമനിർദ്ദേശ പത്രികകൾ പിൻവലിക്കാം. അതേ സമയം ആദ്യഘട്ട തെരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രികകൾ പിൻവലിക്കാനുള്ള അവസാന ദിവസം ഇന്നാണ്. ആദ്യഘട്ടത്തിൽ മത്സരിക്കാൻ 743 പേരാണ് പത്രിക സമർപ്പിച്ചിട്ടുള്ളത്. 43 മണ്ഡലങ്ങളിലാണ് നവംബർ 13 ന് തെരഞ്ഞെടുപ്പ് നടക്കുന്നത്. വോട്ടെണ്ണൽ 23 ന്.

******************************

## By-election - Kerala

കേരളത്തിൽ ഉപതിരഞ്ഞെടുപ്പ് നടക്കുന്ന വയനാട് ലോക്സഭാ മണ്ഡലത്തിലും പാലക്കാട്, ചേലക്കര നിയമസഭ മണ്ഡലങ്ങളിലും നാമനിർദേശ പത്രിക പിൻവലിക്കാനുള്ള സമയപരിധി ഇന്ന് അവസാനിക്കും. ഇതോടെ സംസ്ഥാനത്തെ തിരഞ്ഞെടുപ്പ് ചിത്രം വ്യക്തമാകും. പത്രികകളുടെ സൂക്ഷ്മ പരിശോധന പൂർത്തിയായപ്പോൾ മൂന്ന് മണ്ഡലങ്ങളിലായി 35 പത്രികകളാണ് സ്വീകരിച്ചത്. മണ്ഡലങ്ങളിൽ തിരഞ്ഞെടുപ്പ് പ്രചാരണം ഊർജിതമാണ്.

******************************

## **Chelakkara By-Election**

ചേലക്കര ഉപതെരഞ്ഞെടുപ്പിലെ മൂന്നു മുന്നണി സ്ഥാനാർത്ഥികളും ജനങ്ങളെ നേരിട്ടുകണ്ട് വോട്ടുകൾ തേടുന്നതിനുള്ള തിരക്കിലാണ്. UDF സ്ഥാനാർത്ഥി രമ്യ ഹരിദാസിന്റെ പര്യടനം കൊണ്ടാഴി പഞ്ചായത്തിൽ തിരുവഞ്ചൂർ രാധകൃഷ്ണൻ MLA ഉൽഘാടനം ചെയ്തു. എൻഡിഎ സ്ഥാനാർഥി കെ ബാലകൃഷ്ണൻ ഇന്ന് തിരുവില്ലാമലയിലാണ് പ്രചാരണം നടത്തുന്നത്. എൽഡിഎഫ് സ്ഥാനാർത്ഥി യു ആർ പ്രദീപ് ഇന്ന് സ്വീകരണ പരിപാടികളിൽ ആണ് പങ്കെടുക്കുന്നത്.

******************************

## **Palakkad - By-election**

പാലക്കാട് നിയമസഭാ ഉപതെരഞ്ഞെടുപ്പിൽ മുന്നണി സ്ഥാനാർത്ഥികൾ കളം നിറഞ്ഞുള്ള പ്രചാരണത്തിലാണ്. പാർട്ടികളിലെ മുതിർന്ന നേതാക്കൾ മണ്ഡലത്തിൽ പ്രചാരണത്തിനായി എത്തിത്തുടങ്ങി. യുഡിഎഫ് സ്ഥാനാർത്ഥി രാഹുൽ മാങ്കൂട്ടത്തിൽ ഇന്ന് പിരായിരി പഞ്ചായത്തത്തിലാണ് വോട്ടഭ്യർത്ഥന നടത്തുന്നത്. എൽ.ഡി.എഫ് സ്ഥാനാർഥി പി.സരിൻ ഇന്ന് മാത്തൂർ പഞ്ചായത്തിൽ പ്രചാരണം നടത്തുന്നു. എൻഡിഎ സ്ഥാനാർഥി സി. കൃഷ്ണകുമാർ പിരായിരി പഞ്ചായത്തിലെ ബൂത്ത് സമ്പർക്കങ്ങളിൽ പങ്കെടുക്കുന്നു. വയനാട്ടിലും മൂന്ന് മുന്നണികളുടേയും തെരഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതമായി തുടരുന്നു.

*****************************

## Fireworks Accident - Cabinet

കാസർകോട് നീലേശ്വരത്തുണ്ടായ വെടിക്കെട്ട് അപകടത്തിൽ പരിക്കേറ്റവരുടെ ചികിത്സാ ചെലവ് സർക്കാർ വഹിക്കും. ഇന്ന് ചേർന്ന മന്ത്രിസഭായോഗത്തിൻ്റേതാണ് തീരുമാനം.

*****************************

## NADDA OATH OF UNITY

ഒത്തൊരുമയുള്ളതും പുരോഗമനപരവുമായ സമൂഹത്തെ പരിപോഷിപ്പിക്കാൻ ദേശീയ ഐക്യം പ്രധാനമാണെന്ന് കേന്ദ്രമന്ത്രി ജെപി നദ്ദ. നമ്മുടെ പ്രവൃത്തിയും നയങ്ങളും രാജ്യത്തിൻറെ ഐക്യത്തെയും നാനാത്വത്തെയും
പ്രതിഫലിപ്പിക്കുന്നതാകണമെന്നും മന്ത്രി പറഞ്ഞു. ലോക ഏകതാ ദിനം 2024 നോടനുബന്ധിച്ച് ന്യൂഡൽഹിയിൽ ഐക്യ പ്രതിജ്ഞ ചൊല്ലിക്കൊടുത്ത് സംസാരിക്കുകയായിരുന്നു മന്ത്രി.ഏക് ഭാരത് ശ്രേഷ്ഠ് ഭാരത് പരിപാടിക്ക് അടിസ്ഥാനമിട്ടത് സർദാർ പട്ടേലാണെന്ന് അദ്ദേഹം പറഞ്ഞു.
(ഹോൾഡ്)
സർദാർ വല്ലഭായ് പട്ടേലിൻറെ ജന്മവാർഷികത്തോടനുബന്ധിച്ച് എല്ലാവർഷവും ഒക്ടോബർ 31 നാണ് ഏകതാദിനം ആഘോഷിക്കുന്നത്. കേന്ദ്ര സഹമന്ത്രി പ്രതാപ് റാവു ജാദവ് മറ്റ് മുതിർന്ന ഉദ്യോഗസ്ഥർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

*****************************

## PIYUSH GOYAL SAUDI VISIT

ഒരാഴ്ച്ചത്തെ സൗദി അറേബ്യൻ സന്ദർശനത്തിനായി കേന്ദ്ര വാണിജ്യ-വ്യവസായ മന്ത്രി പിയൂഷ് ഗോയൽ ഇന്നലെ റിയാദിലെത്തി. ഇരു രാജ്യങ്ങളും തമ്മിലുള്ള സാമ്പത്തിക,വ്യാപാര, നിക്ഷേപ സാധ്യതകൾ വർദ്ധിപ്പിക്കുകയാണ് ലക്ഷ്യം. റിയാദിൽ ഭാവി നിക്ഷേപ സംരംഭത്തിൻറെ എട്ടാം പതിപ്പിൽ മന്ത്രി പങ്കെടുക്കും. സൗദി വ്യവസായ മന്ത്രി ഖാലിദ് അൽ ഫലീഹുമായി ശ്രീ ഗോയൽ ഇന്ന് ഉഭയകക്ഷി കൂടിക്കാഴ്ച നടത്തും. പരസ്പര പ്രാധാന്യമുള്ള മേഖലകളിലെ സഹകരണം സംബന്ധിച്ച് ഇരുവരും ചർച്ച ചെയ്യും.

*****************************

## AYODHYA- DEEPOTSAV

ദീപാവലിയോടനുബന്ധിച്ച് അയോധ്യയിൽ ഇന്ന് 25ലക്ഷത്തിലധികം ദീപങ്ങൾ തെളിക്കും. 28 ലക്ഷം വിളക്കുകൾ തെളിക്കാൻ സജ്ജമാക്കിയിട്ടുണ്ട്. ലോകറെക്കാഡാണ് ഉത്തർപ്രദേശ് സർക്കാർ ലക്ഷ്യമിടുന്നത്. ശ്രീരാമ ക്ഷേത്ര നിർമ്മാണത്തിന് ശേഷമുള്ള ആദ്യ ദീപാവലി ആണിത്. സരയൂ നദിക്കരയിൽ മുപ്പതിനായിരം വോളണ്ടിയർമാർ ദീപം തെളിക്കാൻ ഉണ്ടാകും. മുഖ്യമന്ത്രി യോഗി ആദിത്യനാഥ്, കേന്ദ്രമന്ത്രി ഗജേന്ദ്ര സിംഗ് ഷേക്ക് വാദ്, സംസ്ഥാന മന്ത്രിമാർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും. 1100 പേർ പങ്കെടുക്കുന്ന ആരതിയും നടക്കും.

*******************************

## HOME SEC - NDRF

ദേശീയ ദുരന്ത നിവാരണ സേനയായ എൻഡിആർഎഫ് കഴിഞ്ഞ ഒരു വർഷത്തിനിടെ 900-ലധികം രക്ഷാപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും മൂവായിരത്തിലധികം ആളുകളെ രക്ഷിക്കുകയും ചെയ്യതായി കേന്ദ്ര ആഭ്യന്തര സെക്രട്ടറി ഗോവിന്ദ് മോഹൻ പറഞ്ഞു. ന്യൂഡൽഹിയിൽ ഷഹീദ് സ്മൃതി സമരോഹിനോടനുബന്ധിച്ച് രക്തസാക്ഷികൾക്ക് ആദരാഞ്ജലികൾ അർപ്പിക്കവെയാണ് അദ്ദേഹം ഇക്കാര്യം പറഞ്ഞത്. ഉത്തരാഖണ്ഡ്, വയനാട്, ആന്ധ്രാപ്രദേശ്, സിക്കിം എന്നിവിടങ്ങളിൽ ഉണ്ടായ ദുരന്തങ്ങളിൽ എൻഡിആർഎഫ് കാട്ടിയ ധീരതയെ ആഭ്യന്തര സെക്രട്ടറി പരാമർശിച്ചു.

*****************************

## J&K-MUGHAL ROAD SECURITY

ജമ്മുകാശ്മീരിൽ ജമ്മുമേഖലയിൽ തീവ്രവാദി ആക്രമണങ്ങൾ ഉൾപ്പെടെ അക്രമ സംഭവങ്ങൾ ഏറിയ പശ്ചാത്തലത്തിൽ സുരക്ഷാ ഏജൻസികൾ നിരീക്ഷണം ശക്തമാക്കി. കാശ്മീർ താഴ്വരയെ രജൗരി,പൂഞ്ച് ജില്ലകളുമായി ബന്ധിപ്പിക്കുന്ന മുഗൾ റോഡിൽ ശക്തമായ പരിശോധന ഏർപ്പെടുത്തി. ജമ്മു-ശ്രീനഗർ ദേശീയ പാതയ്ക്ക് ബദലായും ഉപയോഗിക്കുന്ന ഈ റോഡ് ചരിത്ര പ്രാധാന്യമുള്ളതാണ്.

*******************************

**HIGH COURT**

കേരള ഹൈക്കോടതിയിൽ 5 പുതിയ അഡീഷണൽ ജഡ്ജിമാർ സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റു. പി കൃഷ്ണകുമാർ, കെ വി ജയകുമാർ, എസ് മുരളീകൃഷ്ണ , ജോബിൻ സെബാസ്റ്റ്യൻ, പി വി ബാലകൃഷ്ണൻ എന്നിവരാണ് പുതിയ ജഡ്ജിമാരായി ചുമതലയേറ്റത്. ഹൈക്കോടതി ചീഫ് ജസ്റ്റിസ് നിതിൻ ജംദാർ പുതിയ ജഡ്ജിമാർക്ക് സത്യവാചകം ചൊല്ലിക്കൊടുത്തു. ചടങ്ങിൽ, ഹൈക്കോടതിയിലെ മറ്റ് ജഡ്ജിമാർ, അഡ്വക്കേറ്റ് ജനറൽ, ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ , അഭിഭാഷകരുടെ വിവിധ സംഘടന പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു. ഇതോടെ ഹൈക്കോടതിയിലെ ആകെ ജഡ്ജിമാരുടെ എണ്ണം 45 ആയി ഉയർന്നു.

*******************************

**CBC- awareness**

കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണമന്ത്രാലയത്തിന് കീഴിലുള്ള സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷന്റെ നേതൃത്വത്തിൽ കണ്ണൂർ ചക്കരക്കല്ലിൽ നടന്നുവരുന്ന മൂന്ന് ദിവസത്തെ സംയോജിത ആശയവിനിമയ ബോധവൽക്കരണ പരിപാടി ഇന്ന് സമാപിക്കും. പരിപാടിയുടെ ഭാഗമായി വിവിധ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ, ഫോട്ടോ പ്രദർശനം, മെഡിക്കൽ ക്യാമ്പ് എന്നിവയും നടന്നുവരികയാണ്. പോഷകാഹാരവും ആരോഗ്യ ജീവിതവും, സ്ത്രീകൾക്കായുള്ള സാമൂഹ്യ സുരക്ഷാ പദ്ധതികൾ, ഡിജിറ്റൽ ബാങ്കിംഗ് തുടങ്ങിയ വിഷയങ്ങളിലാണ് ക്ലാസുകളും സംഘടിപ്പിച്ചത്.

*******************************

**********************

************